പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5628 2.11.2016 -ൽ മറുപടിയ്ക്ക്

## അറേബ്യൻ ടൂറിസ്റ്റുകൾ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | മൺസൂൺ കാലത്ത് കേരളത്തിലേക്ക് ഏറ്റവും കൂടുതൽ ആകർഷിക്കപ്പെട്ടിരുന്നത് അറേബ്യൻ ടൂറിസ്റ്റുകളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കോരിച്ചൊരിയുന്ന മഴ ആസ്വദിക്കാൻ കഴിഞ്ഞ വർഷം എഴുപതിനായിരത്തോളം അറേബ്യൻ ടൂറിസ്റ്റുകൾ കേരളത്തിലെത്തുകയുണ്ടായോ; | ബി) | ടൂറിസം വകുപ്പിന് ലഭ്യമായ കണക്കനുസരിച്ച് കഴിഞ്ഞ വർഷം കേരളം സന്ദർശിച്ച അറേബ്യൻ വിനോദസഞ്ചാരികളുടെ എണ്ണം 1,02,346 (ഒരു ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി നാൽപ്പത്തി ആറ്) ആണ്. ഇതിൽ മൺസൂൺ കാലത്ത് (ജൂൺ മുതൽ ഡിസംബർ വരെ) കേരളം സന്ദർശിച്ചവരുടെ എണ്ണം 74,646 (എഴുപത്തി നാലായിരത്തി അറുന്നൂറ്റി നാൽപ്പത്തി ആറ്) ആണ് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. |
| സി) | പുതിയ വിസ നിയമപ്രകാരം കേരളത്തിലേക്കുള്ള ഇവരുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ ; | സി) | പുതിയ വിസ നിയമപ്രകാരം കേരളത്തിലെത്തുന്ന അറേബ്യൻ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2015 വർഷം കേരളം സന്ദർശിച്ച അറേബ്യൻ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 3.48% വർദ്ധനവ് വന്നിട്ടുണ്ട്. |
| ഡി) | ഈ പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശം ലഭ്യമാക്കുമോ ? | ഡി) | പുതിയ വിസ നിയമം കേരളാ ടൂറിസത്തിനുണ്ടാക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് സർക്കാർ ഔദ്യോഗികമായി കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല നടപടി കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ